ദേശാഭിമാനി

10 June 2026

# പുതുവൈപ്പ് ബീച്ചിൽനിന്ന് മാലിന്യംനീക്കി സിഎംഎഫ്ആർഐ




പുതുവൈപ്പ് ബീച്ച് ശുചീകരണത്തിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐ ജീവനക്കാരും വിദ്യാർഥികളും

**കൊച്ചി**

ലോക സമുദ്രദിനാചരണത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐ നടത്തിയ ശുചീകരണത്തിൽ പുതുവൈപ്പ് ബീച്ചിൽനിന്ന് നീക്കം ചെയ്തത് 300 കിലോ ഗ്രാമിലേറെ മാലിന്യം. സഞ്ചാരികളും പ്രദേശവാസികളും വൻതോതിൽ എത്തുന്ന പുതുവൈപ്പ് ബീച്ചിൽ പ്ലാസ്റ്റിക് കുപ്പികൾ, ഭക്ഷണപ്പൊതികളുടെ അവശിഷ്ടങ്ങൾ, ഉപേക്ഷിക്കപ്പെട്ട വള്ളങ്ങളുടെയും വലകളുടെയും ഭാഗങ്ങൾ തുടങ്ങിയ മാലിന്യങ്ങളാണ് അടിഞ്ഞുകൂടിയിരുന്നത്. സിഎംഎഫ്ആർഐ സംഘം ഇവ ശേഖരിക്കുകയും തരംതിരിച്ച് മാറ്റുകയും ചെയ്തു. സിഎംഎഫ്ആർഐ മറൈൻ ബയോഡൈവേഴ്സിറ്റി എൻവയോൺമെന്റ് ആൻഡ് മാനേജ്മെന്റ് വിഭാഗത്തിലെ ജീവനക്കാരും ഗവേഷക വിദ്യാർഥികളുമാണ് ശുചീകരണത്തിൽ പങ്കെടുത്തത്. കടൽ മലിനീകരണത്തിനെതിരെ പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും ഉത്തരവാദിത്വത്തോടെയുള്ള മാലിന്യസംസ്കരണ ശീലങ്ങൾ വളർത്തുകയുമായിരുന്നു ലക്ഷ്യം.